പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 599 28.07.2015- ൽ മറുപടിക്ക്

## രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി

ചോദ്യം
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ.വി.റ്റി.ബൽറാം
ശ്രീ. വർക്കല കഹാർ
ശ്രീ.കെ.ശിവദാസൻ നായർ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | വിശപ്പ് രഹിത നഗരം എന്ന പേരിൽ ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി കേരള സാമൂഹ്യസുരക്ഷ മിഷൻ വഴി നടപ്പാക്കിയിട്ടുണ്ട്.നിലവിൽ കോഴിക്കോട്,മലപ്പുറം,കൊല്ലം, തിരുവനന്തപുരം നഗരങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലെ ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരും സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭക്ഷണം കഴിയ്ക്കാതെ വിശന്നിരിക്കുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇത്തരത്തിലുള്ളവർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റ് വിഹിതം അനുവദിച്ച് നൽകാറുണ്ട്. നടപ്പ് സാമ്പത്തിക വർഷം 1,90,00,000/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**